REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 24-08-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഉക്രെയ്ൻ സന്ദർശനം പൂർത്തിയായി.**
- **ജുഡീഷ്യറിയെ ശക്തിപ്പെടുത്താൻ ബഹുമുഖ ഇടപെടൽ അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **വയനാട് പുനരുദ്ധാരണത്തിന് കൃത്യമായ പദ്ധതി സമർപ്പിക്കാൻ സംസ്ഥാന ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞില്ലെന്ന് BJP ദേശീയ ഉപാധ്യക്ഷൻ A.P അബ്ദുള്ളക്കുട്ടി.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത് നാളെ രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും.**
- **സാഫ് അണ്ടർ - 20 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ സെമിയിൽ കടന്നു.**

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഉക്രെയ്ൻ സന്ദർശനം പൂർത്തിയായി. ഇന്ത്യ-ഉക്രെയ്ൻ സൗഹൃദം ആഴത്തിലാക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു സന്ദർശനമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. ഉക്രൈൻ പ്രസിഡൻറ് വോളോഡിമർ സെലെൻസ്കിയുമായി ഫലപ്രദമായ ചർച്ചകൾ**

നടത്തിയെന്നും, എല്ലായ്പ്പോഴും സമാധാനം നിലനിൽക്കണമെന്ന് ഇന്ത്യ ഉറച്ചു വിശ്വസിക്കുന്നുവെന്നും നരേന്ദ്ര മോദി പറഞ്ഞു. ഉക്രൈനിൽ ലഭിച്ച ഊഷ്മള സ്വീകരണത്തിന് പ്രധാനമന്ത്രി ഗവൺമെന്റിനും ജനങ്ങൾക്കും നന്ദി അറിയിച്ചു.

✪✪✪

കാർഷിക വിളകളിലെ കീടനാശിനി ഉപയോഗം നിയന്ത്രിക്കാനും നിരീക്ഷിക്കാനും മന്ത്രിതല സമിതി രൂപീകരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ - ഗുണനിലവാര അതോറിറ്റി സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടു. കാർഷികോൽപന്നങ്ങളെ സുരക്ഷിതമാക്കാനും കീടനാശിനി സാന്നിധ്യം കുറയ്ക്കാനും ലക്ഷ്യമിട്ടാണ് നടപടിയെന്ന് അതോറിറ്റിയുടെ 44-ാമത് കേന്ദ്ര ഉപദേശക സമിതി യോഗത്തിൽ CEO, G. കമല വർധന റാവു പറഞ്ഞു.

✪✪✪

ഇന്ത്യയിൽ രജിസ്റ്റർ ചെയ്യാൻ അർഹരായ എല്ലാ MBBS ഡോക്ടർമാരുടെയും ദേശീയ മെഡിക്കൽ രജിസ്റ്റർ പോർട്ടൽ കേന്ദ്രമന്ത്രി JP നദ്ദ ഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ രജിസ്റ്റർ ചെയ്ത എല്ലാ അലോപ്പതി ഡോക്ടർമാരുടെയും സമഗ്ര ഡാറ്റാ ബേസായിരിക്കും പോർട്ടലെന്ന് അദ്ദേഹം പറഞ്ഞു. ആരോഗ്യ മേഖലയിലെ പാരാ മെഡിക്കൽ ജീവനക്കാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും രജിസ്റ്ററും വൈകാതെ തയ്യാറാക്കുമെന്ന് നദ്ദ അറിയിച്ചു.

✪✪✪

ഡൽഹി മദ്യനയ അഴിമതിക്കേസിൽ മുഖ്യമന്ത്രി അരവിന്ദ് കെജ്-രിവാളിനെ പ്രോസിക്യൂട്ട് ചെയ്യാൻ CBI-ക്ക് അനുമതി ലഭിച്ചു. കഴിഞ്ഞ ജൂൺ 26-നാണ് അഴിമതിക്കേസിൽ കെജ്-രിവാളിനെ CBI അറസ്റ്റ് ചെയ്തത്. അതിനിടെ, അറസ്റ്റിനെതിരെ കെജ്-രിവാൾ സമർപ്പിച്ച ഹർജിയിൽ എതിർ സത്യവാങ് മൂലം സമർപ്പിക്കാൻ സുപ്രീം കോടതി ഒരാഴ്ച സമയം അനുവദിച്ചു.

✪✪✪

ജുഡീഷ്യറിയെ ശക്തിപ്പെടുത്താൻ ബഹുമുഖ ഇടപെടൽ അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. അഞ്ച് കോടിയോളം കേസുകൾ ഇന്ത്യയിലെ കോടതികളിൽ കെട്ടിക്കിടക്കുകയാണ്. കഴിഞ്ഞ ദിവസം കേസുകൾ തീർപ്പാക്കാനെടുക്കുന്ന കാലതാമസത്തെക്കുറിച്ച് സുപ്രീംകോടതി ചീഫ് ജസ്റ്റിസ്, പരാമർശിച്ചിരുന്നു. നടപടികളിലെ കാലതാമസം പലപ്പോഴും നീതി തേടിയെത്തുന്നവർക്ക് ശിക്ഷയായി തോന്നാമെന്ന് ചീഫ് ജസ്റ്റിസ് പറഞ്ഞു. അതിനെ ഗൗരവത്തോടെ കാണണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കണ്ണൂരിൽ സ്ഥാപിക്കുന്ന പുതിയ കോടതി സമുച്ചയത്തിന് തറക്കല്ലിട്ട് സംസാരിക്കുകയായിരുന്നു പിണറായി വിജയൻ.

✪✪✪

പ്രധാനമന്ത്രി ആവശ്യപ്പെട്ട തരത്തിൽ വയനാട്ടിലെ പുനരുദ്ധാരണത്തിന് കൃത്യമായ പദ്ധതി സമർപ്പിക്കാൻ

സംസ്ഥാന ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞില്ലെന്ന് BJP ദേശീയ ഉപാധ്യക്ഷൻ A.P അബ്ദുള്ളക്കുട്ടി കുറ്റപ്പെടുത്തി. കൊച്ചിയിൽ BJP അംഗത്വ പ്രചാരണ ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുനരുദ്ധാരണ പ്രവർത്തനങ്ങൾ കേന്ദ്ര ഗവൺമെന്റ് നേരിട്ട് നിർവഹിക്കണം എന്നാണ് രാഷ്ട്രീയ ഭേദമില്ലാതെ ജനപ്രതിനിധികൾ ആവശ്യപ്പെട്ടതെന്ന് അബ്ദുള്ളക്കുട്ടി പറഞ്ഞു.

സംസ്ഥാനത്തെ ഇടതു- വലതു മുന്നണികൾക്ക് ബദലായ രാഷ്ട്രീയ ശക്തിയായി BJP മാറുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

✪✪✪

വയനാട്ടിലെ മുണ്ടക്കൈ - ചൂരൽമല പ്രകൃതി ദുരന്തം അതിജീവിച്ച 27 കുട്ടികൾക്ക് മന്ത്രി K. രാജൻ സൈക്കിളുകൾ വിതരണം ചെയ്തു. കാലടിയിലെ എഡ്മണ്ടന്റ് ബ്രദേഴ്സ് ഭാരവാഹികളാണ് സൈക്കിളുകൾ നൽകിയത്.

✪✪✪

വയനാട് മുണ്ടക്കൈ ദുരന്തബാധിതരുടെ പുനരധിവാസ ത്തിന് മേപ്പാടി ഗ്രാമപ്പഞ്ചായത്ത് തയ്യാറാക്കുന്ന പദ്ധതികൾക്ക് ജില്ലാപഞ്ചായത്ത് അഞ്ചുകോടി രൂപനൽകും. ജില്ലാപഞ്ചായത്തിലെ മുഴുവൻ മെമ്പർമാരും അവരുടെ ഡിവഷനുകളിലെ പുതിയ പദ്ധതികളെല്ലാം മാറ്റിവെച്ചാണ് അഞ്ചുകോടി രൂപ കണ്ടെത്തിയത്. വെള്ളാർമല ഹയർസെക്കണ്ടറി സ്കൂൾ മേപ്പാടി സ്കൂളിലേക്ക്

താൽകാലികമായി മാറ്റുന്നതിന് നടപടികൾ വേഗത്തിലാക്കാനും തീരുമാനമായി.

✪✪✪

വയനാട് ദുരിതാശ്വാസത്തിന് ഗവൺമെന്റ് ജീവനക്കാരിൽ നിന്ന് നിർബന്ധപൂർവ്വം ശമ്പളം പിടിക്കുന്നതിനോട് സഹകരിക്കില്ലെന്ന് NGO അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ചവറ ജയകുമാർ അറിയിച്ചു. ശമ്പളം പിടിക്കാൻ സമ്മതപത്രം കൊടുക്കേണ്ടതില്ലെന്നാണ് സംഘടനയുടെ തീരുമാനം. എന്നാൽ സംഘടനയിൽ പെട്ടവർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പരമാവധി തുക സംഭാവന നൽകുമെന്ന് അദ്ദേഹം അറിയിച്ചു. അസോസിയേഷൻ നേരിട്ട് അഞ്ച് വീടുകൾ നിർമ്മിച്ച് കൊടുക്കാനും സംസ്ഥാന ഭാരവാഹി യോഗം തീരുമാനിച്ചു.

✪✪✪

തൊടുപുഴ ന്യൂമാൻ കോളേജിലെ മലയാള അധ്യാപകൻ പ്രൊഫസർ T.J ജോസഫിന്റെ കൈപ്പത്തി വെട്ടിയ കേസിലെ മുഖ്യപ്രതി C ഷഫീറിനെ NIA അറസ്റ്റു ചെയ്തു. നിരോധിത പോപ്പുലർ ഫ്രണ്ട് സംഘടനയുടെ പ്രവർത്തകനായ ഷഫീറായിരുന്നു മറ്റൊരു പ്രതിയായ സവാദിനെ ഒളിവിൽ കഴിയാൻ സഹായിച്ചത്. ഇതിനു ശേഷം ഷഫീർ ഒളിവിൽ കഴിയുകയായിരുന്നു. പോപ്പുലർ ഫ്രണ്ടുമായി ബന്ധപ്പെട്ട നിരവധി ക്രിമിനൽ പ്രവർത്തനങ്ങളിൽ ഇയാൾ പങ്കാളിയാണെന്ന് NIA വെളിപ്പെടുത്തി.

❂❂❂

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാതിന്റെ 113-ാം എപ്പിസോഡ് നാളെ ആകാശവാണിയിലും ദൂരദർശനിലും കേൾക്കാം. രാവിലെ 11-ന് ആകാശവാണി - ദൂരദർശൻ ശൃംഖലയിലും AIR ന്യൂസ് വെബ്സൈറ്റിലും ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും പരിപാടി ലഭ്യമാണ്.

❂❂❂

സംസ്ഥാനത്തെ ആദ്യ റോബോട്ടിക് പാർക്ക് തൃശൂരിൽ തുടങ്ങുമെന്ന് മന്ത്രി P രാജീവ് അറിയിച്ചു. പത്തേക്കർ സ്ഥലത്തായിരിക്കും പാർക്ക് നിർമ്മിക്കുകയെന്ന് KSIDC കൊച്ചിയിൽ സംഘടിപ്പിച്ച റോബോട്ടിക് റൗണ്ട് ടേബിൾ സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ മന്ത്രി പറഞ്ഞു. ആഗോള നിക്ഷേപക ഉച്ചകോടി അടുത്ത ഫെബ്രുവരി 21, 22 തിയതികളിൽ കൊച്ചിയിൽ നടത്തുമെന്നും മന്ത്രി പറഞ്ഞു.

❂❂❂

ഓണത്തിനു മുമ്പ് ആയിരം K-സ്റ്റോറുകൾ തുറക്കുമെന്ന് മന്ത്രി G.R അനിൽ തിരുവനന്തപുരത്ത് അറിയിച്ചു. നെടുമങ്ങാട് താലൂക്കിലെ മുക്കോലയ്ക്കലും വേങ്കോടും കേരളാ സ്റ്റോറുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ചും ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയും കൂടുതൽ സേവനങ്ങൾ ഒരുക്കിയുമാണ് റേഷൻ കടകളെ K-സ്റ്റോറുകളാക്കി മാറ്റുന്നത്.

✪✪✪

ഏഷ്യയിലെ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ചായ കണ്ണൂർ മുഴപ്പിലങ്ങാട് ബീച്ച് നവീകരണം അടുത്ത ജനുവരിയോടെ പൂർത്തിയാക്കുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കണ്ണൂർ ധർമ്മടം-മുഴപ്പിലങ്ങാട് സമഗ്ര ടൂറിസം വികസന പദ്ധതിയുടെ ഭാഗമായി നവീകരണ പ്രവൃത്തി നടത്തുന്ന മുഴപ്പിലങ്ങാട് ബീച്ചും KTDC നിർമ്മിക്കുന്ന ത്രീ സ്റ്റാർ ഹോട്ടൽ പരിസരവും നേരിൽ കണ്ട് പ്രവൃത്തികൾ അവലോകനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കോഴിക്കോട് ബൈപാസിലെ കോഴിക്കോട്- ബാലുശ്ശേരി റോഡിലെ വേങ്ങേരി മേൽപ്പാലം അടുത്ത മാസം ആദ്യ ആഴ്ചയോടെ തുറന്നു കൊടുക്കുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. മേൽപ്പാലത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തി സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

സാഫ് അണ്ടർ - 20 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ സെമിയിൽ കടന്നു. B ഗ്രൂപ്പ് മാച്ചിൽ മാലദ്വീപിനെ മറുപടിയില്ലാത്ത ഒരു ഗോളിനാണ് കാഠ്മണ്ഡുവിൽ ഇന്ത്യ തോൽപ്പിച്ചത്. നിലവിൽ ചാമ്പ്യൻമാരായ ബംഗ്ലാദേശിനെ ആദ്യ സെമിയിൽ മറ്റന്നാൾ ഇന്ത്യ നേരിടും.

✪✪✪

ഡ്യൂറൻഡ് കപ്പ് ഫുട്ബോൾ ക്വാർട്ടർ പോരാട്ടത്തിൽ ബെംഗളൂരു FC-യോട് തോറ്റ് കേരള ബ്ലാസ്റ്റേഴ്സ് സെമി

കാണാതെ പുറത്തായി. കൊൽക്കത്തെയിൽ മറുപടിയില്ലാത്ത ഒരു ഗോളിനായിരുന്നു ബ്ലാസ്റ്റേഴ്സിന്റെ തോൽവി.

✪✪✪

ഹേമ കമ്മറ്റി റിപ്പോർട്ടിൽ വിവരാവകാശ കമ്മീഷൻ ആവശ്യപ്പെടാത്ത ചില ഭാഗങ്ങൾ കൂടി ഒഴിവാക്കിയതിൽ സിനിമാ മേഖലയിൽ നിന്ന് ഗവൺമെന്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന മൂന്നംഗ സംഘത്തിന് പങ്കുണ്ടോ എന്ന് പരിശോധിക്കണമെന്ന് KPCC പ്രസിഡന്റ് K. സുധാകരൻ ആവശ്യപ്പെട്ടു. സ്വന്തം ഇഷ്ടപ്രകാരം ഗവൺമെന്റ് ഒഴിവാക്കിയ ഭാഗം ഉടൻ പുറത്തു വിടണമെന്നും അദ്ദേഹം വാർത്താ കുറിപ്പിൽ പറഞ്ഞു.

സംസ്ഥാന - ചലച്ചിത്ര അക്കാദമി ചെയർമാനെതിരെ ബംഗാളി നടി ഉന്നയിച്ച ഗുരുതരമായ ആരോപണം അടിയന്തരമായി അന്വേഷിക്കണമെന്നും സുധാകരൻ അഭിപ്രായപ്പെട്ടു.

✪✪✪

100 ഗ്രാം MDMA യുമായി കൊല്ലത്ത് ബസ് ഡ്രൈവർ അറസ്റ്റിലായി. മയ്യനാട് നടുവിലക്കര തേങ്ങുവിളയിൽ വിനീഷാണ് പൊലീസ് പിടിയിലായത്. ബംഗളൂരു - കൊല്ലം റൂട്ടിൽ സർവീസ് നടത്തുന്ന ബസ്സിലെ ഡ്രൈവറാണ് വിനീഷ്.

✪✪✪

ഗുരുവായൂരിൽ അഷ്ടമി രോഹിണി മഹോത്സവത്തിന് ഒരുക്കങ്ങൾ അവസാന ഘട്ടത്തിലെത്തി. പൊതു ക്യൂവിൽ നിൽക്കുന്നവരുടെ ദർശനത്തിനായിരിക്കും മുൻഗണനയെന്ന്

ദേവസ്വം ചെയർമാൻ ഡോ V.K വിജയൻ അറിയിച്ചു. ശയനപ്രദക്ഷിണം, അടി പ്രദക്ഷിണം എന്നിവ ഒഴിവാക്കും. V.I.P സ്പെഷ്യൽ ദർശനങ്ങൾക്ക് രാവിലെ 6 മുതൽ നിയന്ത്രണം ഉണ്ടായിരിക്കും.

✪✪✪

സംസ്ഥാനത്തെ LPG ബോട്ട്ലിംഗ് പ്ലാന്റുകളിൽ നിന്ന് ഏജൻസികളിലേക്ക് പാചക വാതകം കൊണ്ടുപോകുന്ന ട്രക്കുകളിലെ തൊഴിലാളികളുടെ ബോണസ് തർക്കം പരിഹരിച്ചു. കഴിഞ്ഞ വർഷത്തെ ബോണസ് തുകയിൽ ആയിരം രൂപയുടെ വർദ്ധനയാണ് വരുത്തിയത്. ഡ്രൈവർമാർക്ക് 11,500 രൂപയും, ക്ലീനർമാർക്ക് 6,000 രൂപയും ബോണസ് ലഭിക്കും. എറണാകുളത്ത് അഡീഷണൽ ലേബർ കമ്മീഷണറുടെ അധ്യക്ഷതയിൽ ചേർന്ന ട്രക്ക് ഉടമ - തൊഴിലാളി നേതാക്കളുടെ യോഗത്തിലാണ് തീരുമാനം.

✪✪✪

സംസ്ഥാനത്ത് അടുത്ത ചൊവ്വാഴ്ച വരെ മഴ തുടർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

നാളെ കണ്ണൂരും കാസർകോടും മഞ്ഞ ജാഗ്രത നിർദ്ദേശമുണ്ട്.

✪✪✪

തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കാൻ കോട്ടയം ജില്ലാതല തദ്ദേശ അദാലത്ത് ഇന്ന്

നടക്കും. അതിരമ്പുഴ സെന്റ് മേരീസ് പള്ളി പാരിഷ് ഹാളിൽ രാവിലെ അദാലത്ത് ആരംഭിക്കും.

✪✪✪

ബാലവേല-ബാലവിവാഹ വിരുദ്ധ ചർച്ചകൾ സജീവമാകണമെന്ന് സംസ്ഥാന ബാലാവകാശകമ്മിഷൻ ചെയർപേഴ്സൺ K.V മനോജ്കുമാർ ആവശ്യപ്പെട്ടു. കമ്മിഷന്റെ ജില്ലാതല ഉദ്യോഗസ്ഥരുടെ കോഴിക്കോട്ടെ മേഖല യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪